# കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് ലിമിറ്റഡ്

**പുനലൂർ ഡിവിഷണല് ഓഫിസ്, തൊളിക്കോട് പി.ഒ, പുനലൂർ 691333**

ഫോൺ- 2222316, E-Mail- kfdcpnrdm@yahoo.co.in

ക്രമ നമ്പർ                                        തീയതി: 03-01-2018

## ലേലം/ടെൻഡര് ഫോറം

കെ.എഫ്.ഡി.സി പുനലൂർ ഡിവിഷനിൽപ്പെട്ട പട്ടികയില് വിവരിക്കുന്ന പുന്നല, സബ് യുണിറ്റിലെ കശുമാവിൻ തോട്ടങ്ങളില് നിന്നും 2017-18)ം ആണ്ടിലെ വിളവെടുപ്പിനുള്ള അവകാശം.

ഫോറം വാങ്ങുന്ന ആൾ

പേര് : :

മേൽവിലാസം: :

**ലേലം/ടെൻഡര് തീയതി :22.01.2018**

**ഫോറം വില : രൂപാ /-**

**ടെൻഡര് സമർപ്പിക്കാനുള്ള അവസാന സമയം :1 പി. എം.22.01.2018.**

Sys-II> E>Cashew tender

# ടെൻഡര് ഫോറം

To

ഡിവിഷണൽ മാനേജര്
കെ.എഫ്. ഡി. സി
പുനലൂർ

സർ,

കെ.എഫ്. ഡി.സി. ഡിവിഷണൽ മാനേജരുടെ ഡിഎം/പിഎൻആർ/1004/2017തീയതി 03.01.2018നമ്പർ നോട്ടീസ് പ്രകാരം ലേലം/ടെൻഡര് വ്യവസ്ഥകള് മുഴുവന് വായിച്ച് പൂർണ്ണമായും മനസ്സിലാക്കിയ ശേഷം ഞാൻ താഴെ പട്ടികയില് പറഞ്ഞിരിക്കുന്ന കശുമാവിന് തോട്ടങ്ങളില് നിന്നും 2017-18വർഷത്തിലെ കശുവണ്ടി വിളവെടുപ്പിനുള്ള അവകാശം അതാത് തോട്ടത്തിന് നേരെ രേഖപ്പെടുത്തിയ തുകയ്ക്ക് എടുക്കുവാൻ സമ്മതിച്ചു കൊള്ളുന്നു.

**ഡിവിഷൻ- പുനലൂര്**
**സബ് യൂണിറ്റ് - പുന്നല**

| ക്രമ നമ്പർ | തോട്ടങ്ങളുടെ വിവരം | വിസ്തീർണ്ണം ഹെക്ടർ | തുക | തുക അക്ഷരത്തിൽ |
|---|---|---|---|---|
| 1 | 1987 തോട്ടം-കടശ്ശേരി ബ്ലോക്ക് 1 ൽ സബ് ബ്ലോക്കുകൾ 5 ഉം, 6 ഉം | 19.60 | | |
| 2 | 1989 തോട്ടം -പുന്നല ബ്ലോക്ക് IVൽ സബ് ബ്ലോക്കുകള്6ഉം, 7 ഉം | 18.75 | | |
| .3 | 1998തോട്ടം- കറവൂര് ബ്ലോക്ക് 1 | 9.67 | | |
| 4 | 2000 തോട്ടം- കറവൂർ ബ്ലോക്ക്-IIIനോർത്ത് | 20.54 | | |
| 5 | 2000 തോട്ടം- കറവൂര് ബ്ലോക്ക്-III സൗത്ത് | 23.08 | | |
| 6 | 2001 തോട്ടം- കറവൂര് ബ്ലോക്ക്-I (കാഷ്യൂ-യുക്കാലിതോട്ടം) | 10.00 | | |
| 7 | 1989 തോട്ടം- കറവൂര് ബ്ലോക്ക്-I സബ് ബ്ലോക്ക് A,B,D,E | 23.18 | | |
| 8 | 1989 തോട്ടം-പുന്നല ബ്ലോക്ക്-IIAചെല്ലപ്പള്ളി സബ് ബ്ലോക്ക്-I | 10.00 | | |
| 9. | 1996 തോട്ടം-പുന്നല ബ്ലോക്ക്-III | 10.40 | | |

തീയതി ടെൻഡര്/ ലേലക്കാരന്റെ പേര്

ഡിവിഷണൽ മാനേജര് ഒപ്പ്

Sys-II> E>Cashew tender

**കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം**
**ടെൻഡർ/ലേലനിബന്ധനകൾ**

കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, പുനലൂർ ഡിവിഷന്റെ ടെൻഡർ/ ലേല പരസ്യ നമ്പർ ഡിഎം/പിഎൻആർ/1004/2017തിയതി 03.01.2017 അനുസരിച്ച് ടി പരസ്യത്തിലെ പട്ടികയിൽ വിവരിക്കുന്ന കശുമാവിന് തോട്ടങ്ങളില് നിന്നും 2018 ജനുവരി മുതൽ 2018 മെയ് വരെയുള്ള കാലത്തേക്ക്കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം സർക്കാരിന്റെയും, കോർപറേഷന്റെയും നിലവിലുള്ള ചട്ടങ്ങൾക്കും ലേലവ്യവസ്ഥകൾക്കും വിധേയമായി പുനലൂര് ഡിവിഷണല് മാനേജരോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്ദ്യോഗസ്ഥനോ 22-01-2018-)ം തീയതിഉച്ചയ്ക്ക് **2**മണിക്ക് പരസ്യമായി ടെൻഡർ/ ലേലം ചെയ്തു വിൽക്കുന്നതാണ്. ആദ്യലേല ദിവസം ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും തോട്ടത്തിന്റെ ലേലം നടക്കാതിരിക്കുകയോ, ലേലം വിളി കൊള്ളാൻ ലേലക്കാര് ആരും തയ്യാറാകാതെ വരുകയോ, ലേലം റദ്ദു ചെയ്യുകയോ ചെയ്താല് ലേല പരസ്യ പട്ടികയില് പ്രസിദ്ധികരിച്ചിട്ടുള്ള അടുത്ത ലേല ദിവസങ്ങളിൽ അതേ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽഅടുത്ത പ്രവൃത്തി ദിവസംഅതേസ്ഥലത്തും സമയത്തുംലേലം നടത്തുന്നതാണ്. ലേലത്തില് പങ്കുകൊള്ളുന്നവര് ലേലത്തിനു മുൻപു തന്നെ തോട്ടം പരിശോധിച്ച് ലേലവസ്തുവിന്റെ നൽപ്പ്, നിൽപ്പ് ബോദ്ധ്യപ്പെടെണ്ടതാണ്. ലേലത്തിൽ പങ്കു കൊള്ളാന് ഉദ്ദേശിക്കുന്നവര് അവരുടെ സ്ഥിരമായ മേല് വിലാസവും കൈയൊപ്പും ബന്ധപ്പെട്ട വില്ലേജ് ഓഫിസർ സാക്ഷിപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റോ അതല്ലെങ്കിൽ ഇലക്ഷന് കമ്മീഷന് നൽകിയ ഐഡന്റ്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് ഇവയില് ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുൻപായി സമർപ്പിക്കേണ്ടതാണ്. പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷനുള്ളവര് അവരുടെ സർട്ടിഫിക്കറ്റ് കാണിച്ച് ബന്ധപ്പെട്ട ഫോറസ്റ്റ്/കോർപ്പറേഷന് ഉദ്ദ്യോഗസ്ഥന്മാരില് നിന്നും ഫോട്ടോ പതിച്ച ഐഡന്റ്റിറ്റി കാർഡ് ഹാജരാക്കിയാല് മതിയാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം സർട്ടിഫിക്കറ്റോ ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ലേലത്തില് പങ്കുകൊള്ളാന് അനുവദിക്കുന്നതല്ല

1. ടെൻഡർ/നിരതദ്രവ്യം

   എ).) ടെൻഡർ/ലേലത്തിൽ പങ്കെടുക്കുവാന് ഉദ്ദേശിക്കുന്നവര് ടി ഫോമിന്റെ വിലയായ രൂപ...................ഒടുക്കി ഫോം വാങ്ങേണ്ടതാണ്. ടെൻഡര് നൽകുന്നവര് ടി ഫോം പൂരിപ്പിച്ച് ലേല/ടെൻഡര് പരസ്യത്തില് പറഞ്ഞിരിക്കുന്ന സമയത്തിനകം ടെൻടർപെട്ടിയിൽനിക്ഷേപിക്കേണ്ടതാണ്.ടെൻഡര് നല്കാത്തവരും ലേല നിബന്ധനകൾ ഒപ്പിട്ട് മടക്കി നൽകേണ്ടതാണ്.

   ബി)ലേലത്തിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുള്ളവര് നിശ്ചിത നിരതദ്രവ്യം ഒടുക്കേണ്ടതും അപ്രകാരം നിരത ദ്രവ്യം ഒടുക്കാത്താത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നത്അല്ലാത്തതുമാകുന്നു.

സീ) ലേലം വിളികേട്ട ആളിന്റെ നിരതദ്രവ്യം അയാള് ഒടുക്കേണ്ടതായ ലേല സംഖ്യയിൽ തട്ടിക്കിഴിക്കുന്നതും വിജയിക്കാത്തവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരിച്ചു നൽകുന്നതുമാണ്.

2. ലേല നടപടികൾ.

എ) ലേലത്തിൽ കൂട്ടിവിളിക്കുന്ന എറ്റവും കുറഞ്ഞ സംഖ്യ 100/- രൂപ ആയിരിക്കും.

ബി)ഓരോ തോട്ടത്തിന്റെയും ലേലം അവസാനിച്ചയുടനെഅതതു തോട്ടം വിളിച്ചെടുത്ത ആള് ആ തോട്ടത്തിന്റെ വിവരങ്ങള് , വില മുതലായ സംഗതികൾഅംഗീകരിച്ചത്തിന്റെ സൂചനയായി രജിസ്റ്ററിൽ ഒപ്പു വയ്ക്കേണ്ടതാണ്.അങ്ങനെ ഒപ്പു വയ്ക്കതിരുന്നാലും ലേലം വിളിക്കുന്ന ആൾക്ക് ലേല നിബന്ധനകളില് നിന്നും മാറാവുന്നതല്ല.

സി)ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ താഴെ പറയുന്ന അധികാരങ്ങള് ചോദ്യം ചെയ്യാന് പാടുള്ളതല്ല.

1 ഏതെങ്കിലും വ്യക്തിയുടേയോ സ്ഥാപനത്തിന്റേയോ നിരതദ്രവ്യം യാതൊരു കാരണവും പറയാതെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്.

2 ലേലത്തിനായി പരസ്യപ്പെടുത്തിയ ഏതെങ്കിലും തോട്ടങ്ങൾ ലേലം ചെയ്യാതിരിക്കുകയോ ലേലത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത ഏതെങ്കിലും തോട്ടം ഉൾപ്പെടുത്തുകയോ ചെയ്യാവുന്ന താണ്.

3 ലേലത്തിന് പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും നടപടികളിൽ ഏതെങ്കിലും വ്യക്തി ഏർപ്പെട്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം അദ്ദേഹത്തെ ലേലത്തിൽ നിന്നോ, ലേലസ്ഥലത്തു നിന്നോ പുറത്താക്കുന്നതാണ്.

4 ലേലം വിളിക്കുന്നവർ പരോക്ഷമായി യോജിച്ച് കോർപ്പറേഷന് പ്രതികൂലമായി ബാധി ക്കുന്ന നടപടികളിൽ ഏർപ്പെട്ട് പ്രതീക്ഷിച്ച വില ലഭിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടാൽ ലേലം നിർത്തി വെയ്ക്കുന്നതാണ്.

**3. <u>പോസ്റ്റ് ഓഫർ.</u>**

ലേലത്തിനു ശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകൾ നിലവിലുള്ള നിബന്ധനകൾക്ക് വിധേ യമായി പരിഗണിക്കുന്നതാണ്. പോസ്റ്റ് ഓഫറുകൾ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യു ന്നതിന് ഡിവിഷണൽ മാനേജർക്ക് അധികാരം ഉണ്ടായിരിക്കും.

**4. <u>പോസ്റ്റ് ഓഫറുകൾ</u>.**

നിയമാനുസൃതമായ പോസ്റ്റ് ഓഫറുകൾ വല്ലതുമുണ്ടെങ്കിൽ ആയത് ടെൻഡർ/ലേലം കഴിഞ്ഞ് 7 ദിവസത്തിനകം താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി സ്വീകരിക്കുന്നതാണ്.

എ. പോസ്റ്റ് ഓഫർ തരുന്ന തോട്ടങ്ങൾക്ക് ഓരോന്നിനും വില ഒരു ലക്ഷത്തിൽ കുറവാണെങ്കിൽ അതിന്റെ ഇരുപതു ശതമാനം (20%) വില കൂടുതലും, ഒരു ലക്ഷത്തിൽ കൂടുതലുള്ള തുകയ്ക്ക് പത്ത് ശതമാനം (10%) ഏറ്റവും കുറഞ്ഞത് വാഗ്ദാനം നൽകിയാൽ മാത്രമേ പോസ്റ്റ് ഓഫറുകൾ സ്വീകരിക്കുകയുള്ളു.

ബി. മുകളിൽ പറഞ്ഞ പ്രകാരമുള്ള സാധുവായ പോസ്റ്റ് ഓഫറിനോടൊപ്പം ഓഫർ തരുന്ന ഓരോ തോട്ട ത്തിന്റെയും അമ്പത് ശതമാനം (50%) വില സെക്യൂരിറ്റി ഡെപ്പോസിറ്റായി ഏതെങ്കിലും ദേശ സാൽകൃത ബാങ്കിൽ മാറാവുന്ന ഡി.ഡി. ആയോ, കാഷ് ആയോ അടയ്ക്കേണ്ടതാണ്.

സി. പോസ്റ്റ് ഓഫറുകൾ അതാത് ഡിവിഷണൽ മാനേജർക്ക് സമർപ്പിക്കേണ്ടതാണ്.

ഡി. പോസ്റ്റ് ഓഫറിൽ പറഞ്ഞിരിക്കുന്ന വിലയ്ക്ക്, തോട്ടങ്ങൾ എടുത്തു കൊള്ളാമെന്നുള്ള സമ്മത പത്രം 200 (ഇരുനൂറ്) രൂപ മുദ്രക്കടലാസിൽ എഴുതി നൽകേണ്ടതാണ്.

ഇ. പോസ്റ്റ് ഓഫറിലെ നിബന്ധനകൾ പ്രകാരമുള്ള വിലയുടെ ഓഫറും സെക്യൂരിറ്റി ഡെപ്പോസിറ്റും സമ്മത പത്രവും കിട്ടിയാൽ ഉടൻ ബന്ധപ്പെട്ട തോട്ടങ്ങളുടെ ലേലം റദ്ദ് ചെയ്യുന്നതും അടുത്ത പൊതു ടെണ്ടർ/ലേല ദിവസം ടി തോട്ടങ്ങൾ പുനർ ലേലം ചെയ്യുന്നതാണ്.

എഫ്. ലേലം വിളിക്കുമ്പോൾ പോസ്റ്റ് ഓഫറിൽ രേഖപ്പെടുത്തിയിരിക്കുന്ന വില ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ വിലയായി കണക്കാക്കി ലേലം നടത്തുന്നതും ലേലത്തിലോ/ടെണ്ടറിലോ ഉയർന്ന വില നൽകുന്നവർക്ക് ലേലം/ടെണ്ടർ ഉറപ്പിക്കുന്നതുമാണ്. ഉയർന്ന വിലയ്ക്ക് ടെണ്ടർ/ലേലം കൊള്ളാൻ

ആളില്ലാത്ത പക്ഷം പോസ്റ്റ് ഓഫർ നൽകിയ ആളിന് വാഗ്ദാനം ചെയ്ത വിലയ്ക്ക് തോട്ടങ്ങൾ നൽകുന്നതാണ്.

ജി. ലേലം/ടെണ്ടർ ഉറപ്പിക്കുമ്പോൾ തോട്ടങ്ങൾക്ക് കൂടുതൽ വില കിട്ടുകയും മറ്റൊരാൾക്ക് ലേലം/ടെണ്ടർ ഉറപ്പിക്കുകയും ചെയ്യുന്നപക്ഷം പോസ്റ്റ് ഓഫറിനോടൊപ്പം നൽകിയ സെക്യൂറിറ്റി തുക മടക്കികൊടുക്കുന്നതും പോസ്റ്റ് ഓഫർ വിലയ്ക്ക് നൽകുന്നപക്ഷം ബാക്കി വിലയിലേയ്ക്ക് വകവയ്ക്കുന്നതും എന്നാൽ പോസ്റ്റ് ഓഫർ നൽകിയ ആൾ പിൻമാറുന്നപക്ഷം ടി തുക സർക്കാരി ലേയ്ക്ക് കണ്ടു കെട്ടി മുതൽ കൂട്ടുന്നതുമാണ്.

5. **ലേലം സ്ഥിരപ്പെടുത്തൽ.**

ലേലം സ്ഥിരപ്പെടുത്തുന്നത് നിയമാനുസരണം അതിന് അധികാരമുള്ള ഉദ്യോഗസ്ഥനായിരിക്കും. ടി ഉദ്യോഗസ്ഥന് യാതൊരു കാരണവും പറയാതെ ഭാഗികമായോ പൂർണ്ണമായോ ലേലം സ്വീകരിക്കുവാനോ നിരാകരിക്കുവാനോ അധികാരമുണ്ടായിരിക്കും. നിയമാനുസരണം സ്ഥലത്തു വച്ചു തന്നെ ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്ന കശുവണ്ടി തോട്ടങ്ങളുടെ മുഴുവൻ വിലയും വിൽപ്പന നികുതിയും ഓഫീസിൽ അടയ്ക്കാവുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം ലേലത്തെ സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്. ടി ഏഴ് ദിവസത്തിനകം ലേലത്തെ സംബന്ധിച്ച പരാതി ലഭിക്കുകയാണെങ്കിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരാതിയിൽ ഉൾപ്പെട്ട തോട്ടങ്ങളുടെ ലേലത്തെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം എടുക്കുന്നതിനുള്ള പരമാധികാരം ബന്ധപ്പെട്ട കോർപ്പറേഷൻ അധികാരികളിൽ നിക്ഷിപ്തമാണ്. ബാക്കിയുള്ള തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥിരീകരണ ഉത്തരവോ ബാക്കി അടയ്ക്കേണ്ട സംഖ്യയ്ക്കുള്ള അംഗീകാരം നൽകിയ അറിയിപ്പോ രണ്ടും കൂടിയോ ഡിവിഷണൽ മാനേജർ നേരിട്ട് നൽകുകയോ തപാലിൽ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് ആയി അയയ്ക്കുകയോ ചെയ്യുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയ വിവരം സ്ഥലത്തുവച്ച് പ്രഖ്യാപിക്കുന്നത് അറിയിപ്പായി കണക്കാക്കേണ്ടതാണ്.

6. **ബാക്കി പണം അടയ്ക്കലും, ഉടമ്പടി വെയ്ക്കലും.**

എ. ലേലം വിളിച്ചെടുക്കുന്ന ആൾ ലേലം കഴിഞ്ഞാലുടനെ മൊത്തം ലേലസംഖ്യ 10,000/ (പതിനായിരം) രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും, അതിൽ കൂടുതലാണെങ്കിൽ 1/3 (മൂന്നിലൊന്ന്) ഭാഗം തുക അല്ലെങ്കിൽ 1,00,000/- രൂപ ഇതിൽ ഏതാണ് കുറവ്, ടി തുക രൊക്കം പണമായോ ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ ഡ്രാഫ്റ്റായോ ഒടുക്കേണ്ടതാണ്. ഡ്രാഫ്റ്റ് കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ കോട്ടയത്തുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ മാറാവുന്നതായിരിക്കണം. ലേലദിവസം നിരതദ്രവ്യമായി അടച്ച തുക ഉൾപ്പെടുത്തിയായിരിക്കും ടി തുക കണക്കാക്കുന്നത്.

ബി. ഡ്രാഫ്റ്റുകൾ കോർപ്പറേഷന് അക്കൗണ്ടില്ലാത്ത മറ്റേതെങ്കിലും ബാങ്കുകളിൽനിന്നും മാറുകയാണെങ്കിൽ അതിനുള്ള കമ്മീഷൻ ലേലക്കാരൻ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഡ്രാഫ്റ്റ് ബാങ്കിൽനിന്നും നിരസിക്കപ്പെടുകയാണെങ്കിൽ ടി ഡ്രാഫ്റ്റ് ഹാജരാക്കിയ ആളിനെ വീഴ്ചക്കാരനായി പരിഗണിച്ച് ലേലവ്യവസ്ഥകൾ അനുസരിച്ചും, ക്രിമിനലായും നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

സി. 1/3 (മൂന്നിലൊന്ന്) ഭാഗം വരുന്ന ലേലത്തുക ഒരുലക്ഷം രൂപയിൽ കൂടുതലായി വരികയാണെങ്കിൽ ലേലദിവസം അടച്ച 1,00,000 (ഒരുലക്ഷം) രൂപ കഴിച്ച് ബാക്കി വരുന്ന തുക ലേലദിവസം കഴിഞ്ഞുള്ള 7 ദിവസത്തിനകം രൊക്കം പണമായോ കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ ദേശസാൽകൃത ബാങ്കിലെ ഡ്രാഫ്റ്റായോ ഒടുക്കേണ്ടതാണ്. ഡ്രാഫ്റ്റ് കോട്ടയത്ത് മാറാവുന്നതായിരിക്കണം. ഏഴാമത്തെ ദിവസം ഒഴിവുദിവസമായി വരികയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം ഡ്രാഫ്റ്റ് അടച്ചാൽ മതിയാവുന്നതാണ്.

ഡി. മേൽ വിവരിച്ച പ്രകാരം ലേലദിവസം അടയ്ക്കേണ്ട തുകയോ ലേല തുകയോ 1/3 ഭാഗം വരുന്ന തുക അടയ്ക്കേണ്ട ദിവസമോ നിശ്ചിത സംഖ്യ അടയ്ക്കാതിരുന്നാൽ അവർ വിളിച്ച കശുവണ്ടി തോട്ടങ്ങളുടെ ലേലം റദ്ദ് ചെയ്തതായി കണക്കാക്കി നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച എല്ലാ സംഖ്യകളും കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതും ലേലക്കാരന് യാതൊരറിയിപ്പും നൽകാതെ ടി കശുവണ്ടിതോട്ടങ്ങൾ വിളിച്ചെടുത്ത ആളിന്റെ നഷ്ടോത്തരവാദിത്ത്വത്തിൽ പുനർ ലേലം ചെയ്യുന്നതും അങ്ങനെ പുനർ ലേലത്തിൽ സംഭവിക്കാവുന്ന എല്ലാ നഷ്ടങ്ങൾക്കും ടി ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. നിയമാനുസൃതമായി എല്ലാ നടപടികളും സ്വീകരിച്ച് ലേലക്കാരനിൽ നിന്നും ടി നഷ്ടം ഈടാക്കുന്നതാണ്.

7. **<u>ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ്.</u>**

1. ലേലം സ്ഥിരപ്പെടുത്തിയതായും അടച്ച 1/3 തുക കഴിച്ച് ബാക്കി തുക അടച്ചുതീർക്കുവാനും ഉള്ള അറിയിപ്പ് ലഭിച്ചാൽ ടി നോട്ടീസിലെ തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുക രൊക്കം പണമായോ, മാനേജിംഗ് ഡയറക്ടറുടെ പേരിൽ ഡ്രാഫ്റ്റായോ ഒടുക്കേണ്ടതാണ്.
2. മൊത്തം ലേല തുകയുടെ 5% സെക്യൂരിറ്റിയായി ഡിവിഷണൽ മാനേജരുടെ പേരിൽഫിക്സഡ് ഡിപ്പോസിറ്റായി ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ച് **200** രൂപ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി വയ്ക്കേണ്ടതാണ്.
3. ആയതിനു മുടക്കം വരുത്തിയാൽ തക്കതായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ 15 ദിവസത്തേയ്ക്കുംകൂടി ഓരോ ദിവസവും 10 രൂപാ പിഴയും അടയ്ക്കേണ്ട തുകയ്ക്ക് 24% പലിശയും ഈടാക്കി ഉടമ്പടി വെയ്ക്കുന്നതിനു ഡിവിഷണൽ മാനേജർ അനുവദിക്കുന്നതാണ്.
4. മേൽ വിവരിച്ച സമയത്തിനകവും ലേലക്കാരൻ പണം അടയ്ക്കുന്നതിനും കരാർ ഒപ്പിടുന്നതിനും വീഴ്ച വരുത്തിയാൽ കരാർ ഉറപ്പിച്ചു നൽകിയ നോട്ടീസ് റദ്ദ് ചെയ്യുന്നതും ടി തോട്ടങ്ങളുടെ പുനർ ലേലം വകുപ്പ് 6(ഡി)ൽ വിവരിക്കുന്ന പ്രകാരം നടത്തുന്നതുമാണ്.

8. **<u>കശുവണ്ടി നീക്കം ചെയ്യൽ.</u>**

എ. ലേലത്തിൽ വിജയിക്കുന്ന പാട്ടക്കാരൻ ലേലം വിളിച്ച തോട്ടങ്ങളിൽ ലഭ്യമായ മുഴുവൻ കശുവണ്ടിയും ശേഖരിച്ച് സർക്കാർ തീരുമാനത്തിന് വിധേയമായി കേരള കാഷ്യു ഡെവലപ്പമെന്റ് കോർപ്പറേഷനോ അവരുടെ അംഗീകൃത ഏജന്റുമാരെയോ അതാതു കാലയളവ്ൽ ഗവൺമെന്റ് അംഗീകരിക്കുന്ന വിലയ്ക്ക് നൽകേണ്ടതാണ്. കൂടാതെ കശുവണ്ടി സംഭരണവും വിതരണവും സംബന്ധിച്ച് നിലവിലുള്ളതും അതാത് കാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും പാട്ടക്കാരന് ബാധകമാണ്.

ബി. ഉടമ്പടി കാലയളവിൽ എല്ലാ ഇംഗ്ലീഷ് മാസവും 5-ാംതീയതിയ്ക്ക് മുമ്പായി കരാറുകാരൻ തോട്ടത്തിൽ നിയോഗിച്ചിട്ടുള്ള ജോലിക്കാരുടെ ലിസ്റ്റും തോട്ടത്തിന്റെ തൽസ്ഥിതി വിവരവും, വിളവെടുപ്പ് കാലത്ത് മുൻമാസം ശേഖരിച്ചിട്ടുള്ള കശുവണ്ടിയുടെ അളവും ബന്ധപ്പെട്ട മാനേജർക്ക് സമർപ്പിക്കേണ്ടതാണ്. ആയതിനു വീഴ്ച വരുത്തിയാൽ ഓരോ തവണയ്ക്കും 100 രൂപ പ്രകാരം പിഴ ഈടാക്കുന്നതായിരിക്കും.

സി. കരാറുകാലയളവിൽ തോട്ടത്തിന്റെ പരിചരണ ജോലികൾ (കാടു തെളിക്കൽ, വളപ്രയോഗം, കീടനാശിനി പ്രയോഗം എന്നിവ) യഥാസമയം സമയ ബന്ധിതമായി ചെയ്തു തീർക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി ജോലികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കോർപ്പറേഷൻ ചെയ്യുന്നതും കൂടാതെ കരാർ റദ്ദു ചെയ്യൽ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

ഡി. കരാറു കാലയളവിൽ തോട്ടത്തിന്റെ പരിപാലനവും സംരക്ഷണവും കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വമായിരിക്കും.

ഇ. കശുമാവിൻ തോട്ടത്തെ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതും തീ വീഴാതിരിക്കാൻ ഉറപ്പു വരുത്തേണ്ടതുമാണ്.

എഫ്. കരാർ തോട്ടത്തിൽ, കശുമാവിൽ നിന്നുള്ള വിളവെടുപ്പല്ലാതെ തോട്ടത്തിനുള്ളിൽ മറ്റു യാതൊരുവിധ കൃഷിയും ചെയ്യാൻ പാടില്ലാത്തതാണ്. എന്നാൽ ഇതിനു വിപരീതമായി ഏതെങ്കിലും തരത്തിൽ പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ കരാർ അവസാനിപ്പിക്കുന്നതും തന്മൂലം ഉണ്ടാകുന്ന നഷ്ടത്തിനു കരാറുകാരൻ ഉത്തരവാദി ആയിരിക്കുന്നതും അതിന് ഡിവിഷണൽ മാനേജർ നിശ്ചയിക്കുന്ന പിഴ ഈടാക്കുന്നതുമാണ്.

ജി.കറാർ കാലയളവിൽ കശുമാവിൻ തോട്ടത്തിൽ ഏതെങ്കിലും ഇടവിള ചെയ്യാനുള്ള അവകാശം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ചെയ്യുന്ന ഇടവിളയ്ക്ക് കരാറുകാരനോ, കരാറുകാരന്റെ തൊഴിലാളികളോ യാതൊരുവിധ കേടുപാടുകളും വരുത്താൻ പാടില്ലാത്തതാണ്.

എച്ച്. ശേഖരം നടത്തിയ കശുവണ്ടി നീക്കം ചെയ്തു കൊണ്ടു പോകുന്നതിന് ബന്ധപ്പെട്ട മാനേജരിൽ നിന്നും നിർബന്ധമായും പാസ്സ് വാങ്ങേണ്ടതാണ്. വീഴ്പ വരുത്തിയാൽ ഉചിതമായ പിഴ ഈടാക്കുന്നതാണ്.

9. **<u>മറ്റ് പൊതു വ്യവസ്ഥകൾ.</u>**

ഓരോ വാർഷിക വിളവെടുപ്പ് അവസാനിയ്ക്കുന്ന മെയ് 31ന് ബന്ധപ്പെട്ട കെ.എഫ്.ഡി.സി. ഉദ്യോഗസ്ഥർ തോട്ടത്തിന്റെ തൽസ്ഥിതി രേഖപ്പെടുത്തി മഹസ്സർ തയ്യാറാക്കുന്നതിൽ കരാറുകാരൻ

ഏതെങ്കിലും ഗുരുതരമായ കൃത്യ വിലോപനം നടത്തിയിട്ടുണ്ടെങ്കിൽ മേൽ നടപടി കരാർ റദ്ദാക്കുന്നതിന് ഡിവിഷണൽ മാനേജർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

എ. ലേലത്തിൽ പങ്കെടുക്കുന്ന ആൾ ലേലത്തിനു മുൻപ് കശുമാവിൻ തോട്ടങ്ങൾ നേരിൽക്കണ്ട് പരിശോധിച്ച് വിളകളുടെ ഗുണവും, തരവും ശരിയാംവണ്ണം നല്ലതുപോലെ ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതും ലേലത്തിനു ശേഷം ഉണ്ടാകുന്ന പരാതികൾ സാധാരണഗതിയിൽ പരിഗണിക്കാത്തതുമാകുന്നു.

ബി. ലേലം വിളി കേൾക്കുന്നയാൾ ലേലത്തിന് ഒരു പൂർണ്ണ തീരുമാനമുണ്ടാകാതെ പിൻമാറാൻ പാടില്ലാത്തതും, അപ്രകാരം പിൻമാറിയാൽ കോർപ്പറേഷന് വരുന്ന നഷ്ടത്തിന് അയാൾ ഉത്തരവാദിയാകുന്നതുമാണ്. ലേല പരസ്യ വിജ്ഞാപന വ്യവസ്ഥകൾ കണ്ട് ബോദ്ധ്യപ്പെട്ട് ഒപ്പിട്ട് തരുന്നവർക്ക് 09.03.1976 ലെ സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ള 23.02.1976 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) 62/76 എ.ഡി. യിലെ നിബന്ധനകൾ ബാധകമാണ്.

സി. കരാറുകാർ ആവശ്യപ്പെടുന്നപക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിനും, കശുവണ്ടി സൂക്ഷിക്കുന്നതിനും സ്ക്വയർ മീറ്ററിന് 5 രൂപ പ്രകാരം ഈടാക്കിക്കൊണ്ട് സ്ഥലം അനുവദിക്കുന്നതിനുള്ള വിവേചനാധികാരം ഡിവിഷണൽ മാനേജർക്ക് ഉണ്ട്. കരാർ കാലാവധിക്ക് മുൻപായി ഷെഡ് കരാറുകാരൻ പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്.

ഡി. കരാർ കാലയളവിൽ എല്ലായ്പ്പോഴും കശുമാവുകൾക്ക് ചുറ്റും കളകൾ 2 മീറ്റർ വീതിയിൽ കറാറുകാരന്റെ ചെലവിലും ചുമതലയിലും വെട്ടി നീക്കം ചെയ്തിരിക്കണം. വീഴ്ച വരുത്തിയാൽ ഡിവിഷണൽ മാനേജർ നിശ്ചയിക്കുന്ന യുക്തമായ പിഴയും കളകൾ വെട്ടിമാറ്റുന്നതിനുള്ള തുകയും കരാറുകാരിൽ നിന്നു ഈടാക്കുന്നതാണ്.

ഇ. ലേലത്തിൽ പരസ്യപ്പെടുത്തിയ വകുപ്പുകൾ പ്രകാരം കോർപ്പറേഷനിലേക്ക് കിട്ടേണ്ടതായ ഏതൊരു സംഖ്യയും കോർപ്പറേഷനിൽ നിന്ന് ആവശ്യപ്പെടുന്ന സമയത്ത് ലേലക്കാരൻ അടയ്ക്കാൻ വീഴ്ച വരുത്തിയാൽ പ്രസ്തുത സംഖ്യകൾ ഭൂനികുതി കുടിശ്ശികയായി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

എഫ്. ലേലം വിളിച്ചെടുത്തയാൾ കോർപ്പറേഷനിലേയ്ക്ക് അടയ്ക്കേണ്ട ഏതെങ്കിലും സംഖ്യ അടയ്ക്കാൻ വീഴ്ച വരുത്തിയാൽ അയാൾ കോർപ്പറേഷന്റെ കീഴിലുള്ള മറ്റേതെങ്കിലും സ്ഥലത്തുനിന്നും വിളിച്ചെടുത്തതും ബാക്കി വില അടച്ചതുമായ സാധനങ്ങൾ വിട്ടുകൊടുക്കുന്നതല്ല. ഇതിൽ ഏതെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാവുകയാണെങ്കിൽ അതിന് കോർപ്പറേഷൻ ഉത്തരവാദിയാകുന്നതല്ല.

ജി. മുൻ ലേലങ്ങളിൽ പങ്കെടുത്ത് വീഴ്ച വരുത്തിയവർ എന്ന് പ്രഖ്യാപിക്കപ്പെട്ടവരെ നേരിട്ടോ ഏജന്റ് മുഖേനയോ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

എച്ച്. അതാതു കാലത്തെ പ്രാബല്യത്തിലിരിക്കുന്ന ആദായനികുതി, വിൽപ്പനനികുതി മറ്റ് പ്രാദേകിക നികുതികൾ മുതലായവ കൊടുക്കുന്നതിന് ലേലക്കാരൻ ബാദ്ധ്യസ്ഥനായിരിക്കും.

ഐ. മറ്റു ബാദ്ധ്യതകളൊന്നുമില്ലെങ്കിൽ വിൽപ്പനനികുതി, ആദായനികുതി, കാർഷികാദായ നികുതി എന്നിവയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഉടമ്പടി കാലാവധി കഴിഞ്ഞ് ആറു മാസത്തിനകം ഹാജരാക്കിയാൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

ജെ. ലേലവ്യവസ്ഥകൾ അനുസരിച്ച് പണം അടയ്ക്കാതെയും മറ്റ് വിധത്തിലും വീഴ്ച വരുത്തുന്നവരെ കോർപ്പറേഷന് യുക്തമെന്നു തോന്നുന്ന പക്ഷം സ്ഥിരമായി ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതാണ്.

കെ. അതാതു കാലത്ത് നിലവിലുള്ള ഫോറസ്റ്റ് ആക്ടിലോ, ചട്ടങ്ങളിലോ ഈ വ്യവസ്ഥകളെ ബാധിക്കുന്ന തരത്തിലുള്ള വ്യത്യാസങ്ങൾ വരുത്തുകയാണെങ്കിൽ അങ്ങനെ മാറ്റുന്ന ചട്ടങ്ങൾക്കും ലേലക്കാർ വിധേയരായിരിക്കും.

എൽ. ലേലവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ മാനേജരുടെ അധികാര പരിധിയിൽ സ്ഥിതി ചെയ്യുന്ന കോടതിയിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

**അനുബന്ധം – ഉടമ്പടി വ്യവസ്ഥകൾ**.

**സമ്മതപത്രം**.

മേൽ വിവരിച്ച ലേല വ്യവസ്ഥകളും, അനുബന്ധമായി ചേർത്തിരിക്കുന്ന ഉടമ്പടി വ്യവസ്ഥകളും ഞാൻ വായിച്ചു മനസ്സിലാക്കി. ലേലത്തിനു വച്ചിരിക്കുന്ന വനവിഭവങ്ങൾ ഞാൻ നേരിട്ട് കണ്ട് ബോധ്യപ്പെട്ടു. മേൽ വിവരിച്ച ലേല നിബന്ധനകൾ അനുസരിക്കുന്നതിന് എന്നിൽ നിന്നും വീഴ്ച വന്നാൽ തന്മൂലം കോർപ്പറേഷനും,സർക്കാരിനും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ എന്നിൽ നിന്നും ഈടാക്കാവുന്നതാണെന്ന് ഇതിനാൽ സമ്മതിക്കുന്നു.